വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

ഏഴാംഘട്ടം

ക്യാമ്പയിൻ 03

സൂറത്തുൽ അഹ്സാബ്

ആയത്ത് 01 മുതൽ 08 വരെ

2025 ജൂൺ 29 മുതൽ 2025 ജൂലൈ 20 വരെ

GET IT ON Google Play

Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة الأحزاب

33. സൂറതുൽ അഹ്സാബ്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 73 - വിഭാഗം (റുകൂഉ്) 9

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَـٰٓأَيُّهَا ٱلنَّبِىُّ ٱتَّقِ ٱللَّهَ وَلَا تُطِعِ ٱلْكَـٰفِرِينَ وَٱلْمُنَـٰفِقِينَ ۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿١﴾

﴿1﴾ ഹേ, നബിയേ [പ്രവാചകാ], അല്ലാഹുവിനെ സൂക്ഷിക്കുക. അവിശ്വാസികളെയും, കപടവിശ്വാസികളെയും നീ അനുസരിക്കുകയും ചെയ്യരുത്. നിശ്ചയമായും, അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു.

وَٱتَّبِعْ مَا يُوحَىٰٓ إِلَيْكَ مِن رَّبِّكَ ۚ إِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿٢﴾

﴿2﴾ നിന്റെ രക്ഷിതാവിങ്കൽനിന്ന് നിനക്ക് 'വഹ്‌യ്' [ദിവ്യബോധനം] നൽകപ്പെടുന്നതിനെ നീ പിൻപറ്റുകയും ചെയ്യുക. നിശ്ചയമായും, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٣﴾

﴿3﴾ (എല്ലാ കാര്യത്തിലും) അല്ലാഹുവിന്റെ മേൽ നീ ഭരമേൽപിക്കുകയും ചെയ്തുകൊള്ളുക. ഭരമേൽപിക്കപ്പെടുന്നവനായി അല്ലാഹു തന്നെ മതി.

﴿1﴾ يَا أَيُّهَا النَّبِيُّ ഹേ നബിയേ, പ്രവാചകാ اتَّقِ اللَّهَ അല്ലാഹുവിനെ സൂക്ഷിക്കുക وَلَا تُطِعِ നീ അനുസരിക്കയും അരുത് الْكَافِرِينَ അവിശ്വാസികളെ وَالْمُنَافِقِينَ കപടവിശ്വാസികളെയും إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു عَلِيمًا സർവ്വജ്ഞൻ حَكِيمًا അഗാധ ജ

ജ്ഞ﴿2﴾ وَاتَّبِعْ നീ പിൻപറ്റുകയും ചെയ്യുക مَا يُوحَىٰ വഹ്‌യ് (ദിവ്യബോധനം, സന്ദേശം) നൽകപ്പെടുന്നതിനെ إِلَيْكَ നിനക്ക് مِن رَّبِّكَ നിന്റെ രക്ഷിതാവിൽനിന്ന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെപ്പറ്റി خَبِيرًا സൂക്ഷ്മമായറിയുന്നവൻ ﴿3﴾ وَتَوَكَّلْ നീ ഭരമേൽപിക്കുകയും ചെയ്യുക عَلَى اللَّهِ അല്ലാഹുവിന്റെ മേൽ وَكَفَىٰ മതി بِاللَّهِ അല്ലാഹുതന്നെ وَكِيلًا ഏൽപ്പിക്കപ്പെടുന്നവനായിട്ട്

മദനീ സൂറത്തുകളിൽ പെട്ടതാണ് ഈ അദ്ധ്യായം. മദീനഃയിൽ ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്ന ജൂതൻമാരെയും, കപടവിശ്വാസികളെയും സംബന്ധിച്ച് ഈ സൂറത്തിൽ പല പ്രസ്താവനകളും കാണാം. കൂടാതെ പ്രധാനപ്പെട്ട പല നിയമനിർദ്ദേശങ്ങളും, മറ്റ് സൂറത്തുകളിൽ വിവരിക്കപ്പെട്ടിട്ടില്ലാത്ത പല മതവിധികളും ഇതിൽ അടങ്ങിയിട്ടുണ്ട്.

'തക്‌വാ' (تقوى) എന്ന ധാതുപദത്തിൽനിന്നുള്ള കൽപനക്രിയയാണ് 'ഇത്തകി' (اتق) എന്ന വാക്ക്. 'സൂക്ഷിക്കുക, കാക്കുക, പേടിക്കുക' എന്നൊക്കെയാണ് ഭാഷാർത്ഥം. അല്ലാഹുവിന്റെ വിധിവിലക്കുകളും, നിയമനിർദ്ദേശങ്ങളും അനുസരിക്കുകവഴി അവനോട് ഭയഭക്തി ഉണ്ടായിരിക്കുക എന്നത്രെ 'തക്‌വാ' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക എന്ന് പറഞ്ഞതിനെത്തുടർന്ന് അവിശ്വാസികളെയും, കപടവിശ്വാസികളെയും അനുസരിക്കരുതെന്നും, അല്ലാഹുവിൽനിന്ന് ലഭിക്കുന്ന ദിവ്യസന്ദേശങ്ങളെ പിൻപറ്റണമെന്നും പ്രസ്താവിച്ചതിൽനിന്ന് തന്നെ 'തക്‌വാ'യുടെ ഉദ്ദേശ്യം മനസ്സിലാക്കാം. ഇതേ അർത്ഥോദ്ദേശ്യത്തോടുകൂടിത്തന്നെയാണ്, ഈ വാക്ക് ക്വുർആനിലും ഹദീഥിലും സാധാരണ ഉപയോഗിക്കപ്പെടാറുള്ളതും.

ഈ കൽപനകൾ പ്രത്യക്ഷത്തിൽ നബി ﷺയെ അഭിമുഖീകരിച്ചുകൊണ്ടാണെങ്കിലും, വാസ്തവത്തിൽ അവ സമുദായത്തിന് മുഴുവനും ബാധകമാണെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടാണ് രണ്ടാം വചനത്തിൽ 'നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു സുക്ഷ്മമായറിയുന്നവനാകുന്നു' എന്ന് പറഞ്ഞിരിക്കുന്നത്. ശത്രുക്കളുടെ ഇംഗിതങ്ങൾക്ക് വിധേയനായോ, അവരെ പ്രീണിപ്പിക്കാമെന്നുദ്ദേശിച്ചോ മതപ്രബോധനത്തിൽ വിട്ടുവീഴ്ച ചെയ്യാനും, സത്യത്തെ മറച്ചുവെക്കാനും നബി ﷺ ഒരിക്കലും മുതിരുകയില്ലെന്ന് സ്പഷ്ടമാണ്. എങ്കിലും, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു വ്യാമോഹത്തിന്റെ കവാടംതന്നെ ഈ കൽപനകൾ മൂലം അല്ലാഹു അടച്ചുകളയുന്നു. സത്യവിശ്വാസികൾക്കാകട്ടെ ഇത് കൂടുതൽ ധൈര്യവും, ദൃഢ മനസ്കതയും ഉളവാക്കുകയും ചെയ്യുന്നു. പ്രത്യക്ഷത്തിലോ, പരോക്ഷത്തിലോ ഉള്ള യാതൊരു ശത്രുവിന്റെയും പ്രകോപനങ്ങൾക്കും, അഭീഷ്ടങ്ങൾക്കും വഴങ്ങാതെ– ഋജുവായ സത്യമാർഗത്തിൽനിന്ന് തരിമ്പുപോലും വ്യതിചലിക്കാതെ– സത്യപ്രബോധനം നടത്തുമ്പോൾ പലവിധ വിഷമങ്ങളും തരണം ചെയ്യേണ്ടിവരും. അത് സ്വാഭാവികമാണ്. അതിൽനിന്ന് മോചനം ലഭിക്കുവാനും, രക്ഷനേടുവാനുമുള്ള ഏകമാർഗമത്രെ 'തവക്കുൽ' (التوكل) അതെ, കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിക്കൽ. അതുകൊണ്ട് 'തവക്കുലി'നെ പ്പറ്റി ഇവിടെ പ്രത്യേകം ഓർമിപ്പിച്ചിരിക്കുന്നു.

ഈ സൂറത്തിൽ പ്രത്യേകം പ്രതിപാദിപ്പിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ ചിലതാണ് അടുത്ത ആയത്തുകളിൽ കാണുന്നത്.

مَّا جَعَلَ ٱللَّهُ لِرَجُلٍ مِّن قَلْبَيْنِ فِى جَوْفِهِۦ ۚ وَمَا جَعَلَ أَزْوَٰجَكُمُ ٱلَّٰٓـِٔى تُظَٰهِرُونَ مِنْهُنَّ أُمَّهَٰتِكُمْ ۚ وَمَا جَعَلَ أَدْعِيَآءَكُمْ أَبْنَآءَكُمْ ۚ ذَٰلِكُمْ قَوْلُكُم بِأَفْوَٰهِكُمْ ۖ وَٱللَّهُ يَقُولُ ٱلْحَقَّ وَهُوَ يَهْدِى ٱلسَّبِيلَ ﴿٤﴾

﴾4﴿ ഒരു മനുഷ്യനും തന്നെ അവന്റെ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയങ്ങളെ ഉണ്ടാക്കിയിട്ടില്ല; നിങ്ങൾ 'ളിഹാർ' (എന്ന വിവാഹമോചനം) ചെയ്യുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കളൊക്കുകയും ചെയ്തിട്ടില്ല; നിങ്ങളുടെ ദത്തുപുത്രൻമാരെ അവൻ നിങ്ങളുടെ പുത്രൻമാരാക്കുകയും ചെയ്തിട്ടില്ല. അതൊക്കെ നിങ്ങളുടെ വായകൊണ്ടുള്ള (നിരർത്ഥ) വാക്കുകളത്രെ. അല്ലാഹു യഥാർത്ഥം പറയുന്നു. അവൻ തന്നെ (ശരിയായ) മാർഗം കാട്ടിത്തരുകയും ചെയ്യുന്നു.

﴾4﴿ مَاجَعَلَ اللهُ അല്ലാഹു ആക്കിയിട്ടില്ല, ഉണ്ടാക്കിയിട്ടില്ല لِرَجُلٍ ഒരു മനുഷ്യനും, പുരുഷനും مِنْ قَلْبَيْنِ രണ്ട് ഹൃദയങ്ങളെ فِي جَوْفِهِ അവന്റെ ഉള്ളിൽ وَمَاجَعَلَ അവൻ ആക്കിയിട്ടുമില്ല أَزْوَاجَكُمُ നിങ്ങളുടെ ഭാര്യമാരെ اللائِي യാതൊരുവരായ تُظَاهِرُونَ مِنْهُنَّ നിങ്ങളവരെ 'ളിഹാർ' ചെയ്യുന്നു أُمَّهَاتِكُمْ നിങ്ങളുടെ ഉമ്മമാർ وَمَاجَعَلَ അവൻ ആക്കിയിട്ടുമില്ല أَدْعِيَاءَكُمْ നിങ്ങളുടെ ദത്തുപുത്രൻമാരെ أَبْنَاءَكُمْ നിങ്ങളുടെ പുത്രൻമാർ ذَلِكُمْ അത് قَوْلُكُمْ നിങ്ങളുടെ വാക്കാണ്, പറയുന്നതാണ് بِأَفْوَاهِكُمْ നിങ്ങളുടെ വായകൾകൊണ്ട് وَاللهُ അല്ലാഹു يَقُولُ പറയുന്നു الْحَقَّ യഥാർത്ഥം, ന്യായമായത് وَهُوَ അവൻ يَهْدِي കാട്ടിത്തരുകയും ചെയ്യുന്നു السَّبِيلَ മാർഗം

വിഷയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് അതിനാസ്പദമായ ഒരു യാഥാർത്ഥ്യം– അഥവാ വിഷയത്തിനൊരു പീഠിക– അല്ലാഹു ഈ വചനത്തിൽ ആദ്യമായി ചൂണ്ടിക്കാട്ടുന്നു. 'ഏതൊരു മനുഷ്യനുംതന്നെ അവന്റെ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയം ഏർപ്പെടുത്തിയിട്ടില്ല' (ما جعل الله لرجل من قلبين في جوفه) എന്നുള്ളതാണത്. അപ്പോൾ, ഒരേ കാര്യത്തിൽ വ്യത്യസ്തമായ രണ്ടഭിപ്രായങ്ങളോ, രണ്ട് ആശയഗതികളോ, രണ്ടുതരം സമീപനമോ ഒരേ സമയത്ത് ഒരാൾക്ക് ഉണ്ടായിക്കൂടാത്തതാണ്. അതുപോലെത്തന്നെ, ഒരേ വേളയിൽ വ്യത്യസ്തങ്ങളായ രണ്ട് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും മനുഷ്യന് സാദ്ധ്യമല്ലെന്ന് വ്യക്തമാണ്. ഈ യാഥാർത്ഥ്യത്തിന് വിരുദ്ധമായി അറബികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന രണ്ട് സമ്പ്രദായങ്ങളെക്കുറിച്ചാണ് അല്ലാഹു തുടർന്നു പ്രസ്താവിച്ചത്. ഒരേ സ്ത്രീയിൽ ഭാര്യത്വവും, മാതൃസ്ഥാനവും കൽപിക്കലും, ഒരേ മനുഷ്യനിൽ പോറ്റുപുത്രന്റെ സ്ഥാനവും യഥാർത്ഥ പുത്രന്റെ സ്ഥാനവും കൽപിക്കലും. ഇതാണാ സമ്പ്രദായങ്ങൾ.

ഒരാൾക്ക് തന്റെ ഭാര്യയോട് വല്ല വെറുപ്പും നേരിടുമ്പോൾ അവൻ അവളോട് انت علي كظهر أمّي (നീ എനിക്ക് എന്റെ മാതാവിന്റെ മുതുക്പോലെയാണ്.) എന്ന് പറയും. എന്റെ മാതാവുമായി ഭാര്യാഭർതൃബന്ധം നടത്തുവാൻ പാടില്ലാത്തതുപോലെയാണ്

നിന്റെയും അവസ്ഥ എന്ന് താൽപര്യം. ഇതിന് 'ളിഹാർ' (ظهار: മുതുകുപോലെയാക്കുക) എന്ന് പറയപ്പെടും. ഇതോടെ അവളുമായുള്ള സമീപനം നിഷിദ്ധമായി ഗണിക്കപ്പെടുന്നു. ഈ വാക്ക്മൂലം ഒരാളുടെ ഭാര്യ അവന്റെ മാതാവാകുന്നില്ലെന്നും, അതുകൊണ്ട് ഭാര്യയെ മാതാവിനെപ്പോലെ ഗണിക്കുന്നത് പാടില്ലാത്തതുമാണെന്നും അല്ലാഹു ഉണർത്തുന്നു. എനി, ഒരാൾ ഭാര്യയോട് അങ്ങനെ പറഞ്ഞുപോയാൽ, അതിന് പ്രായശ്ചിത്തം ചെയ്തു മടക്കിയെടുക്കേണ്ടതുണ്ടെന്ന് സൂറത്തുൽ മുജാദലഃ (المجادلة)യിൽ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. കൂടുതൽ വിവരം അവിടെവെച്ച് കാണാം. إن شاء الله

അന്യരുടെ മക്കളെ ദത്തെടുത്ത് സ്വന്തം മക്കളെപ്പോലെ പോറ്റി വളർത്തുകയും, സ്വന്തം മക്കൾക്കുള്ളതുപോലെ സ്വത്തവകാശം ഉൾപ്പെടെ എല്ലാ അവകാശങ്ങളും വകവെച്ചുകൊടുക്കുകയും ചെയ്യുന്ന സമ്പ്രദായവും ഇസ്ലാമിന്മുമ്പ് അറബികളിൽ പ്രചാരത്തിലുണ്ടായിരുന്നു. ഇന്ത്യയിലും ഈ സമ്പ്രദായം അപരിചിതമല്ല. ഇങ്ങനെയുള്ള ദത്തുപുത്രനാണ് 'ദഇയ്യ്' (دعى) എന്ന് പറയപ്പെടുന്നത്. ഇതിന്റെ ബഹുവചനമാണ് 'അദ്ഇയാഉ്' (ادعياء). ഈ ക്വുർആൻ വാക്യം അവതരിക്കുന്നതുവരെ ഞങ്ങളെല്ലാം സൈദുബ്നു ഹാരിഥഃയെ സൈദുബ്നു മുഹമ്മദ് എന്നല്ലാതെ വിളിക്കാറുണ്ടായിരുന്നില്ലെന്നും, ഈ ആയത്ത് അവതരിച്ചപ്പോൾ റസൂൽ തിരുമേനി ﷺ അദ്ദേഹത്തോട് നീ സൈദുബ്നു ഹാരിഥത്ത്ബ്നു ശുറാഹിലാണ് (ശുറാഹിലിന്റെ മകനായ ഹാരിഥഃയുടെ മകനാണ്) എന്ന് പറയുകയുണ്ടായെന്നും ഇബ്നുഉമർ (റ) പ്രസ്താവിച്ചതായി ബുഖാരിയിലും മുസ്ലിമിലും ഉദ്ധരിച്ചിട്ടുണ്ട്. സൈദുബ്നുഹാരിഥഃ (റ)യുടെ കഥ ഇതാണ്:-

കൽബ് ഗോത്രക്കാരനായ സൈദ് (റ) ഒരു യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടു. അന്ന ദ്ദേഹം ചെറുപ്പമായിരുന്നു. ഹക്കീമുബ്നുഹുസാം (റ)തന്റെ അമ്മായിയായ ഖദീജഃ (റ)ക്കുവേണ്ടി അദ്ദേഹത്തെ വിലക്കുവാങ്ങി. റസൂൽ തിരുമേനി ﷺ ഖദീജഃ (റ)യെ വിവാഹം ചെയ്തശേഷം അവർ സൈദിനെ തിരുമേനി ﷺ ക്ക് സമ്മാനിച്ചു. പിന്നീട് സൈദ് (റ)ന്റെ പിതാവും, പിതൃവ്യനുംകൂടി വന്ന് അദ്ദേഹത്തെ തങ്ങൾക്ക് വിട്ടുകൊടുപ്പാൻ ആവശ്യപ്പെടുകയുണ്ടായി. ഇഷ്ടംപോലെ ചെയ്തുകൊള്ളാൻ നബി ﷺ അദ്ദേഹത്തിന് സമ്മതം കൊടുത്തു. പക്ഷേ, നബി ﷺ യുടെ കൂടെ ജീവിക്കുവാനാണ് സൈദ് (റ) ഇഷ്ടപ്പെട്ടത്. അനന്തരം തിരുമേനി അദ്ദേഹത്തെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രനാക്കുകയും, ഒരു പോറ്റുപുത്രനായിക്കരുതുകയും ചെയ്തു. അങ്ങനെ, ജനങ്ങൾ അദ്ദേഹത്തെ സൈദ്ബ്നുമുഹമ്മദ് (മുഹമ്മദിന്റെ മകൻ സൈദ്) എന്ന് വിളിച്ചു വന്നു. സൈദിന്റെ ഭാര്യയായിരുന്ന സസൈനബ് (റ) വിവാഹമോചനം ചെയ്യപ്പെടുകയും, അനന്തരം നബി ﷺ അവരെ വിവാഹം ചെയ്യുകയുമുണ്ടായി. ഈ സംഭവം താഴെ വിവരിക്കുന്നുണ്ട്. ഇതിനെത്തുടർന്ന് 'മകന്റെ ഭാര്യയെ വിവാഹം ചെയ്യാൻ പാടില്ലെന്ന് മുഹമ്മദ് പറയുന്നു. അവന്റെ മകന്റെ ഭാര്യയെ അവൻ വിവാഹം കഴിക്കുകയും ചെയ്തിരിക്കുന്നു എന്ന് ജന സംസാരമായി. ഈ സന്ദർഭത്തിലാണ് ഈ ആയത്ത് അവതരിക്കുന്നത്. പോറ്റുമക്കൾക്ക് യഥാർത്ഥ മക്കളുടെ നിയമം ബാധകമല്ലെന്നത്രെ അത് പ്രഖ്യാപിക്കുന്നത്. പോറ്റുമക്കളെ സ്വീകരിക്കുന്നതിനെയും, അവരെ മക്കളെപ്പോലെ സ്നേഹിച്ചു വളർത്തുന്നതിനെയും ഈ വചനം നിരോധിക്കുന്നില്ലതാനും.

വാക്കുകൾകൊണ്ട് യാഥാർത്ഥ്യം മാറിപ്പോകുകയില്ലല്ലോ. എന്നിരിക്കെ 'നീ എന്റെ മാതാവിനെപ്പോലെയാണ്' എന്ന് ഒരാൾ ഭാര്യയോട് പറയുമ്പോഴേക്കും അവളെങ്ങിനെ മാതാവായിത്തീരും?! അഥവാ മാതാവിന്റെ നിയമം അവൾക്കെങ്ങനെ ബാധകമാകും?! അതുപോലത്തന്നെ ദത്തുമക്കളെക്കുറിച്ച് മക്കളെന്ന് പറയുമ്പോഴേക്കും അവരെങ്ങിനെ യഥാർത്ഥ മക്കളായിത്തീരും?! വാദംകൊണ്ടോ വാചകംകൊണ്ടോ യഥാർത്ഥമായ കുടും

ബന്ധം സ്ഥാപിതമാകുകയില്ലല്ലോ. ذلكم قولكم بأفواهكم (അതൊക്കെ നിങ്ങളുടെ വായ കൊണ്ടുള്ള വാക്കുകളാണ്) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത് ഈ വസ്തുതയാകുന്നു. പോറ്റുമക്കളെപ്പറ്റി അല്ലാഹു തുടർന്നുപറയുന്നു:-

ٱدْعُوهُمْ لِءَابَآئِهِمْ هُوَ أَقْسَطُ عِندَ ٱللَّهِ ۚ فَإِن لَّمْ تَعْلَمُوٓا۟ ءَابَآءَهُمْ فَإِخْوَٰنُكُمْ فِى ٱلدِّينِ وَمَوَٰلِيكُمْ ۚ

﴾5﴿ അവരെ അവരുടെ പിതാക്കളിലേക്ക് ചേർത്ത് വിളിച്ചുകൊള്ളുവിൻ. അതത്രെ അല്ലാഹുവിങ്കൽ ഏറ്റവും നീതിയായിട്ടുള്ളത്. എനി, അവരുടെ പിതാക്കളെ നിങ്ങൾക്കറിയുകയില്ലെങ്കിൽ, അവർ മതത്തിൽ നിങ്ങളുടെ സഹോദരൻമാരും, നിങ്ങളുടെ 'മൗലാ'ക്കളും [ബന്ധപ്പെട്ടവരും] ആകുന്നു.

وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَآ أَخْطَأْتُم بِهِۦ وَلَٰكِن مَّا تَعَمَّدَتْ قُلُوبُكُمْ ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا

നിങ്ങൾ അബദ്ധം ചെയ്തുപോയതിൽ നിങ്ങളുടെ മേൽ കുറ്റമില്ലതാനും. പക്ഷേ, നിങ്ങളുടെ ഹൃദയങ്ങൾ കരുതിക്കൂട്ടിച്ചെയ്തതാണ് (കുറ്റകരം). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾5﴿ ادْعُوهُمْ നിങ്ങളവരെ വിളിക്കുവിൻ لِآبَائِهِمْ അവരുടെ പിതാക്കളിലേക്ക് (ചേർത്ത്) هُوَ അതത്രെ أَقْسَطُ ഏറ്റം നീതിയായത് عِندَ اللَّهِ അല്ലാഹുവിങ്കൽ فَإِن لَّمْ تَعْلَمُوا എനി നിങ്ങൾക്കറിയുകയില്ലെങ്കിൽ آبَاءَهُمْ അവരുടെ പിതാക്കളെ فَإِخْوَانُكُمْ എന്നാൽ നിങ്ങളുടെ സഹോദരങ്ങളാണ് فِي الدِّينِ മതത്തിൽ وَمَوَالِيكُمْ നിങ്ങളുടെ മൗലാക്കളുമാണ്, ബന്ധപ്പെട്ടവരുമാണ് وَلَيْسَ ഇല്ലതാനും عَلَيْكُمْ നിങ്ങളുടെമേൽ جُنَاحٌ കുറ്റം فِيمَا യാതൊന്നിൽ أَخْطَأْتُم നിങ്ങൾ അബദ്ധംചെയ്ത, പിഴച്ച بِهِ അതിൽ, അതിനെപ്പറ്റി وَلَٰكِن പക്ഷേ مَا تَعَمَّدَتْ കരുതിക്കൂട്ടിച്ചെയ്തതാണ് قُلُوبُكُمْ നിങ്ങളുടെ ഹൃദയങ്ങൾ وَكَانَ اللَّهُ അല്ലാഹു ആകുന്നു غَفُورًا പൊറുക്കുന്നവൻ رَحِيمًا കരുണാനിധി

ദത്തുമക്കളെ അവരുടെ യഥാർത്ഥ പിതാക്കളോട് ചേർത്തു - ഇന്നയാളുടെ മകൻ, അല്ലെങ്കിൽ മകൾ എന്ന്- വിളിക്കുവാനും, പോറ്റുപിതാക്കളോട് ചേർത്തു വിളിക്കാതിരിക്കുവാനും ഈ വചനം കല്പിക്കുന്നു. എനി, യഥാർത്ഥ പിതാക്കൾ ആരാണെന്നറിയപ്പെടാത്തപക്ഷം അവരെ സഹോദരങ്ങളും 'മൗലാ' (ബന്ധു)ക്കളുമായി ഗണിച്ചുകൊള്ളണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. സത്യവിശ്വാസികളെല്ലാം സഹോദരങ്ങളാണല്ലോ. (إنما المؤمنون اخوة) അതുകൊണ്ട് അങ്ങനെയുള്ളവരെ 'സഹോദരാ' (يا أخي) എന്നോ 'മൗലാ' (يا مولاى) എന്നോ വിളിക്കേണ്ടതാകുന്നു. ഇതനുസരിച്ച് നബി ﷺ സൈദ് (റ)

നോട് ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. انت أخونا ومولانا (നീ നമ്മുടെ സഹോദരനും മൗലായുമാണ്.)

'മൗലാ' (مولى) എന്ന വാക്ക് പല അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുള്ള ഒരു പദമാകുന്നു. ഇതിന്റെ ബഹുവചനമാണ് 'മവാലീ' (موالى) 'വലാഉ' (ولاء) എന്ന ധാതുവിൽ നിന്നുള്ളതാണത്. കുടുംബബന്ധം (قرابة) എന്നും, അടുപ്പം (قرب) എന്നും അതിനർത്ഥമുള്ളതുകൊണ്ട് കുടുംബപരമായ ബന്ധമുള്ളവർക്കും, അടുത്ത സ്നേഹബന്ധമുള്ളവർക്കും ഈ വാക്ക് ഉപയോഗിക്കാം. ചില പ്രത്യേക കാരണത്താൽ ഉണ്ടാകുന്ന പാർശ്വബന്ധത്തി (قرابة سببية)നും ഇസ്‌ലാമിൽ അംഗീകരണം നൽകപ്പെട്ടിട്ടുണ്ട്. ഇതിന് 'മുവാലാത്ത്' (موالاة) എന്നും 'മുആഖാത്ത' (مؤاخاة) എന്നും പറയപ്പെടുന്നു. മൈത്രീബന്ധമെന്നും, സാഹോദര്യബന്ധമെന്നും അർത്ഥം. മദീനഃയിൽവെച്ച് മുഹാജിറുകളും അൻസ്വാരികളും തമ്മിലുണ്ടായിരുന്ന ബന്ധം ഇതായിരുന്നു. സ്വത്തവകാശം തുടങ്ങിയ ചില നിയമങ്ങളൊഴിച്ച് മറ്റ് സുഖദുഃഖങ്ങളിൽ അന്യോന്യം പങ്കുകാരാകത്തക്കവണ്ണമുള്ള ഈ കൂട്ടുകെട്ട് എക്കാലത്തും മനുഷ്യർക്കിടയിൽ വളരെ ഉപകാരപ്രദംതന്നെയാണ്. അറബിഗോത്രങ്ങൾക്കിടയിൽ ഇത്തരം 'മുവാലാത്ത്' മുമ്പ് നടപ്പിലുണ്ടായിരുന്നു. അതവർക്ക് സൈ്വരജീവിതവും, പ്രതാപവും, ശക്തിയും നേടിക്കൊടുക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ചാണ് ചിലപ്പോൾ ആളുകളെക്കുറിച്ച് مولى بنى فلان (ഇന്ന ഗോത്രക്കാരുടെ മൗലാ) എന്ന് പറയപ്പെട്ടുകാണുന്നത്.

മറ്റൊരു തരത്തിലുള്ള 'വലാആ'ണ് ولاء العتاقة (അടിമത്തത്തിൽനിന്ന് മോചിപ്പിച്ച ബന്ധം). ഒരാളോ ഒരു കുടുംബമോ ഒരു അടിമയെ സ്വതന്ത്രനാക്കി വിട്ടാൽ അവൻ അവന്റെ, അല്ലെങ്കിൽ ആ കുടുംബത്തിന്റെ മൗലയായിത്തീരുന്നു. അതുപോലെത്തന്നെ, ഏതെങ്കിലും ഒരാളുടെ കൈക്ക് ഇസ്‌ലാമിൽ വന്ന ആളെക്കുറിച്ചും അയാളുടെ മൗലാ എന്ന് പറഞ്ഞുവരാറുണ്ട്. ഇമാം അബൂഹനീഫഃ (റ)യുടെ കുടുംബം ഇസ്‌ലാമിൽ വന്നപ്പോൾ അവർക്ക് ഇസ്‌ലാമിലേക്ക് പ്രചോദനം നൽകിയ ആളുകളോട് ചേർത്തു ഇന്നവരുടെ മൗലാക്കൾ എന്ന് പറയപ്പെട്ടിരുന്നു. ഈ വാസ്തവം മനസ്സിലാക്കാത്ത ചിലർ ഈ പ്രയോഗത്തെ തെറ്റിദ്ധരിച്ചു ഇമാം അബൂഹനീഫഃ (റ) അടിമവംശജനായിരുന്നുവെന്ന് ധരിച്ചുപോയിട്ടുണ്ട്.

ചുരുക്കത്തിൽ 'വലാഉ്' എന്ന ധാതുവിൽനിന്നുള്ള 'മൗലാ' എന്ന വാക്ക് പല അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുണ്ടെന്ന് മനസ്സിലാക്കാം. ഏതർത്ഥത്തിലുള്ള മൗലാ ആയാലും ശരി, അറബികൾക്കിടയിൽ അങ്ങനെ മൗലാ എന്ന് സംബോധന ചെയ്യുന്നതിൽ അഭിമാനമല്ലാതെ– അപമാനമൊന്നും– ഉണ്ടായിരുന്നതുമില്ല. ഈ സമ്പ്രദായത്തെ പ്രോൽസാഹിപ്പിക്കുകയാണ് ഈ വചനം മുഖേന അല്ലാഹു ചെയ്യുന്നത്. കാരണം, അത് പരസ്പരം സ്നേഹബന്ധത്തിനും ഐക്യബോധത്തിനും ഉതകുന്നു. പല സ്വഹാബിമാരുടെയും പേരുകളോടൊപ്പം ഇന്ന ആളുടെ മൗലയാണദ്ദേഹം എന്ന് വിശേഷിപ്പിച്ചുകാണുന്നത് മേൽപറഞ്ഞ അടിസ്ഥാനത്തിലാകുന്നു. ഏത് തരത്തിലുള്ള 'വലാഉ്' –ആയിരുന്നാലും ശരി, അന്യോന്യം ബന്ധപ്പെട്ട ഇരുകക്ഷികൾക്കും ഈ (മൗലാ എന്നുള്ള) പേർ അന്വർത്ഥമാകുമെന്നും അറബികൾ അങ്ങനെ അത് ഉപയോഗിക്കാറുണ്ടെന്നും അറിഞ്ഞിരിക്കുന്നത് ചരിത്രപാരായണം ചെയ്യുന്നവർക്ക് വളരെ ആവശ്യമാകുന്നു.

മറ്റുചില സമുദായങ്ങളെപ്പോലെ അറബികളും തങ്ങളുടെ വംശപരമ്പരയും, കുടുംബപ്പേരും, നിലനിറുത്തുകയും പരിചയപ്പെടുകയും ചെയ്യുന്നത് മുൻപിതാക്കളുടെ പേരുകളിലാകുന്നു. ഇസ്‌ലാമിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും ഈ വഴക്കംതന്നെ. നമ്മുടെ നാട്ടിലേത്പോലെ, ഏതെങ്കിലും പറമ്പിന്റെയോ, പാറയുടെയോ, ഇല്ലത്തിന്റെയോ, തൊടിയുടെയോ മറ്റോ പേരുകളിലല്ല. 'ഇന്ന പിതാമഹന്റെ വംശത്തിൽ ഇന്നിന്ന പിതാക്കളുടെ മകനായ ഇന്നവനാണ് തന്റെ പിതാവ്- അല്ലെങ്കിൽ മാതാവ്- എന്നായിരിക്കും അറബികൾ ഒരാളെ പരിചയപ്പെടുത്തുക. നാമാകട്ടെ, ഏതെങ്കിലും ഒരു തൊടിയുടെയോ മറ്റോ പേര് പറഞ്ഞായിരിക്കും കുടുംബത്തെ പരിചയപ്പെടുത്തുന്നത്. ഇന്ന ആളുടെ മകൻ ഇന്നവൻ എന്നതിന്റെ സ്ഥാനത്ത് ഇന്നേടത്തുവീട്ടിൽ ഇന്നവൻ എന്ന് പറയും. കൂടാതെ, പലപ്പോഴും ഈ വീട്ടുപേർ മാതൃകുടുംബത്തിന്റേതുമായിരിക്കും. മക്കളെ പിതാക്കളോട് ചേർത്തു വിളിക്കണമെന്ന ക്വുർആന്റെ ശാസനക്ക് നിരക്കാത്ത ഈ സമ്പ്രദായം, ഇന്ത്യൻ മുസ്‌ലിംകളിൽ ഇന്നും അവശേഷിപ്പുള്ള പല അനിസ്‌ലാമികാചാരങ്ങളിൽ ഒന്നാകുന്നു. മുസ്‌ലിംകൾ കഴിവതും ഈ നില മാറ്റേണ്ടതുണ്ട്.

'മൗലാ' എന്ന വാക്കിന്റെയും 'വലാഉ'ന്റെയും അർത്ഥവ്യാപ്തിയും പ്രയോഗങ്ങളും ആലോചിക്കാതെയിരുന്നതിനാൽ മുസ്‌ലിംകൾക്കിടയിൽ കടന്നുകൂടിയ ആപത്തുകളും ചില്ലറയല്ല. മുൻകാലങ്ങളിൽ ഇന്ത്യയെപ്പോലെയുള്ള ദൂരരാജ്യങ്ങളിൽ പല മഹാൻമാരുടെ കൈക്കും ഇസ്‌ലാംമതപ്രചാരണം നടന്നപ്പോൾ ഇസ്‌ലാമിനെ ആശ്ലേഷിച്ചിരുന്ന ആളുകളെക്കുറിച്ച്- അതതുദേശത്തെ മതപ്രചാരകരുടെ പേരോട്ചേർത്തുകൊണ്ട്- ഇന്ന ആളുകളുടെ മൗലാക്കൾ എന്ന് പറയപ്പെട്ടിരുന്നു. മുകളിൽ പ്രസ്താവിച്ചതുപോലെയുള്ള ഈ പാർശ്വബന്ധത്തെ കാലക്രമത്തിൽ കുടുംബബന്ധങ്ങളായി ചിലർ ചിത്രീകരിക്കുകയും, തെറ്റിദ്ധരിക്കുകയും ചെയ്തുവന്നു. അങ്ങനെ, തങ്ങൾ ആ മഹാൻമാരുടെ സന്തതികളിൽപെട്ടവരാണെന്ന് പലരും അവകാശപ്പെട്ടു. നൂറുകണക്കിനുള്ള സയ്യിദ്കുടുംബങ്ങളും (തങ്ങമ്മാരും), സിദ്ദീഖ്വുകളും, ഫാറൂകികളും, ആയിരക്കണക്കിനുള്ള ഉഥ്മാനീ കുടുംബങ്ങളുമെല്ലാം ഇന്ത്യയിൽ ഇന്ന് കാണപ്പെടുന്നത് ഇക്കാരണത്താലാകുന്നു. ഈ വംശവാദത്തിൽതന്നെ പല വ്യാജപരമ്പരയും, അവക്കിടയിൽ കക്ഷിവഴക്കുകളും ഉണ്ടായിട്ടുമുണ്ട്. ഇസ്‌ലാമിൽ പുതുതായി പ്രവേശിക്കുന്നവർ- അവർ എത്ര കുലീനകുടുംബത്തിൽപെട്ടവരായിരുന്നുവെങ്കിലും- ഒരു താണതരക്കാരായി ഗണിക്കപ്പെടുന്ന ഒരു ദുഷിച്ച സമ്പ്രദായവും മിക്കവർക്കുമിടയിലും എങ്ങിനെയോ കടന്നുകൂടിയിരിക്കുന്നു. തങ്ങളുടെ പഴയ കുടുംബപ്പേർ മാറ്റിപ്പറയുവാൻ ഇതും ചിലർക്ക് പ്രോൽസാഹനം നൽകിയിരിക്കുന്നു. സ്വന്തം പിതാക്കൾ അയോഗ്യരായതുകൊണ്ടും ചിലർ ഈ നില സ്വീകരിക്കാറുണ്ട്. ഇസ്‌ലാമികദൃഷ്ട്യാ ഇതെല്ലാംതന്നെ വമ്പിച്ച തെറ്റാണെന്ന് പറയേണ്ടതില്ല.

നബി ﷺ പറയുന്നു: 'ജാഹിലിയ്യത്തി'ൽ (ഇസ്‌ലാമിന് മുമ്പുള്ള അജ്ഞാനകാലത്ത്) നിങ്ങളിൽ ഉത്തമന്മാരായുള്ളവർ ഇസ്‌ലാമിലും നിങ്ങളിൽവെച്ച് ഉത്തമൻമാർതന്നെ- അവർ വിജ്ഞാനം നേടിയാൽ' (ബു; മു.) ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം പറഞ്ഞതായി കാണാം: 'നിങ്ങളുടെ കുടുംബബന്ധം ചേർക്കുമാറ് (പാലിക്കത്തക്കവണ്ണം) നിങ്ങളുടെ കുടുംബപരമ്പരയിൽ നിന്നും നിങ്ങൾ പഠിച്ചിരിക്കുവിൻ.....' (തി.) വേറൊരു ഹദീഥിൽ ഇങ്ങനെ വന്നിരിക്കുന്നു: അറിഞ്ഞുകൊണ്ട് തന്റെ പിതാവല്ലാത്തവരോട് ചേർത്തിക്കൊണ്ട് (കുടുംബം) വാദിക്കുന്നവൻ അവിശ്വാസിയാകാതിരിക്കയില്ല.' (ഇബ്നുകഥീർ.)

ٱلنَّبِيُّ أَوْلَىٰ بِٱلْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَٰجُهُۥٓ أُمَّهَٰتُهُمْ ۗ وَأُو۟لُوا۟ ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِى كِتَٰبِ ٱللَّهِ مِنَ ٱلْمُؤْمِنِينَ وَٱلْمُهَٰجِرِينَ إِلَّآ أَن تَفْعَلُوٓا۟ إِلَىٰٓ أَوْلِيَآئِكُم مَّعْرُوفًا ۚ كَانَ ذَٰلِكَ فِى ٱلْكِتَٰبِ مَسْطُورًا ﴿٦﴾

《6》 നബി [പ്രവാചകൻ] സത്യവിശ്വാസികളോട് അവരുടെ സ്വന്തം ദേഹങ്ങളെക്കാൾ ബന്ധപ്പെട്ട ആളാകുന്നു; അദ്ദേഹത്തിന്റെ ഭാര്യമാരാകട്ടെ അവരുടെ മാതാക്കളുമാണ്; സത്യവിശ്വാസികളിൽനിന്നും, 'മുഹാജിറു' കളിൽനിന്നും (പരസ്പരം) രക്തബന്ധമുള്ളവർ- അവരിൽ ചിലർ ചിലരോട് -അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ [നിയമമനുസരിച്ച്] കൂടുതൽബന്ധപ്പെട്ടവരുമാണ്; നിങ്ങൾ നിങ്ങളുടെ ബന്ധുമിത്രങ്ങൾക്ക് സമുചിതമായ വല്ലതും ചെയ്തുകൊടുക്കുന്നതായാലൊഴികെ [അതിന് തടസ്സമില്ല]. ഇപ്പറഞ്ഞത് വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടതായിരിക്കുന്നു. [സ്ഥിരപ്പെട്ടനിയമമാണ്].

《6》 النَّبِيُّ പ്രവാചകൻ أَوْلَى ഏറ്റം ബന്ധപ്പെട്ടവനാണ് بِالْمُؤْمِنِينَ സത്യവിശ്വാസികളുമായി مِنْ أَنفُسِهِمْ അവരുടെ ദേഹങ്ങളെ(ആത്മാക്കളെ)ക്കാൾ وَأَزْوَاجُهُ അദ്ദേഹത്തിന്റെ ഭാര്യമാരാകട്ടെ أُمَّهَاتُهُمْ അവരുടെ മാതാക്കളാണ്, ഉമ്മമാരാണ് وَأُولُو الْأَرْحَامِ രക്തബന്ധമുള്ളവർ بَعْضُهُمْ അവരിൽ ചിലർ أَوْلَى ഏറ്റം ബന്ധപ്പെട്ടവരാണ് بِبَعْضٍ ചിലരുമായി, ചിലരോട് فِي كِتَابِ اللهِ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്നുള്ള وَالْمُهَاجِرِينَ മുഹാജിറുകളിൽനിന്നും إِلَّا أَن تَفْعَلُوا നിങ്ങൾ ചെയ്യുന്നതായാലല്ലാതെ إِلَىٰ أَوْلِيَائِكُمْ നിങ്ങളുടെ ബന്ധുമിത്രങ്ങളിലേക്ക് مَعْرُوفًا വല്ല സൽക്കാര്യവും, സമുചിതമായതിനെ, സദാചാരമായത് كَانَ ذَٰلِكَ അതായിരിക്കുന്നു, ആകുന്നു فِي الْكِتَابِ വേദഗ്രന്ഥത്തിൽ مَسْطُورًا രേഖപ്പെടുത്തപ്പെട്ടത്

വളരെ പ്രധാനങ്ങളായ നാലഞ്ചുകാര്യങ്ങൾ അല്ലാഹു ഈ ആയത്ത്മുഖേന വിവരിക്കുന്നു:-

1) സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നബി ﷺ അവരോട് തങ്ങളെക്കാളും- മറ്റാരെക്കാളും -കൂടുതൽ ബന്ധപ്പെട്ട ആളാകുന്നു. (النبي أولى بالمؤمنين من أنفسهم) വളരെ കനത്ത ഒരു യാഥാർത്ഥ്യമാണ് അല്ലാഹു ഇത് മുഖേന ചൂണ്ടിക്കാട്ടുന്നത്. ഏതെല്ലാം വിഷയത്തിലാണ് ഈ ബന്ധം ഉൾക്കൊള്ളുന്നതെന്നൊരു പരിധി നിശ്ചയിച്ചിട്ടില്ല; അതിനാവശ്യവുമില്ല. ഐഹികവും, പാരത്രികവും, മതപരവുമായ എല്ലാ തുറകളിലും അവിടുന്ന് സത്യവിശ്വാസികളുടെ മാതൃകയും, വഴികാട്ടിയും, ഗുണകാംക്ഷിയുമാണ്. ഓരോരുത്തനും തന്റെ ദേഹത്തെക്കാൾ തിരുമേനിയെ മാനിക്കണം, സ്നേഹിക്കണം, അവിടുത്തെ ആവശ്യത്തിനും തീരുമാനത്തിനും പ്രാധാന്യം നൽക

ണം, അവിടുത്തെ ദേഹത്തിനും, മാനത്തിനും മുൻഗണന നൽകണം, അവിടുത്തെ കൽപ നകൾക്കോ നടപടി ക്രമങ്ങൾക്കോ യോജിക്കാത്തതൊന്നും സ്വീകരിച്ചുകൂടാ, ഇതെല്ലാം അതിന്റെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്നു. സ്വഹാബികളുടെ ചര്യകൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. മനുഷ്യന്റെ ഐഹികവും, പാരത്രികവുമായ നന്മതിന്മകളെ ഒന്നൊഴിയാതെ വിവരിച്ചുതരുന്നതും, അങ്ങേഅറ്റത്തെ വാൽസല്യത്തോടും കൃപയോ ടുംകൂടി ശാശ്വതമോക്ഷത്തിലേക്ക് മാർഗദർശനം നൽകുന്നതും, കാലാകാല ശിക്ഷയിൽ നിന്ന് വിമുക്തരാകുന്നതിനുള്ള താക്കീതുകൾ കാലേക്കൂട്ടി നൽകുന്നതും അല്ലാഹു വിന്റെ റസൂലായ തിരുമേനിയല്ലാതെ മറ്റാരാണ്?! സത്യവിശ്വാസികൾക്ക് നബി തിരു മേനി ﷺ യോടുള്ള കടപ്പാടെന്താണെന്നും, തിരുമേനി സത്യവിശ്വാസികളുമായി എത്ര മാത്രം ബന്ധപ്പെട്ട ആളാണെന്നും മനസ്സിലാക്കുന്നതിന് ക്വുർആനിൽ ധാരാളം തെളി വുകൾ കാണാം. വിശേഷിച്ചും ഈ സൂറത്തിലെ പല വചനങ്ങളും പ്രത്യേകം ശ്രദ്ധേയ മാകുന്നു. ധാരാളം ഹദീഥുകളും ഈ വിഷയകമായി ഉദ്ധരിക്കുവാനുണ്ട്. ഉദാഹരണ ത്തിന് മാത്രം ചിലത് ഇവിടെ സ്മരിക്കുക:

നബി ﷺ പറയുന്നു: 'എന്റെ ദേഹം യാതൊരുവന്റെ കൈവശമാണോ അവൻ തന്നെ സത്യം! നിങ്ങളിൽ ഒരാൾക്ക് അവന്റെ ദേഹത്തെക്കാളും അവന്റെ ധനത്തെക്കാളും, സന്താനങ്ങളെക്കാളും, എല്ലാ മനുഷ്യരെക്കാളും കൂടുതൽ ഇഷ്ടപ്പെട്ടവൻ ഞാനായി ത്തീരുന്നത്വരെ അവൻ സത്യവിശ്വാസിയാകുകയില്ല.' ഉമർ (റ) ഒരിക്കൽ തിരുമേനി യോട് പറഞ്ഞു: 'എന്റെ ദേഹം ഒഴിച്ച് മറ്റെല്ലാവരെക്കാളും എനിക്ക് ഇഷ്ടപ്പെട്ട ആൾ അങ്ങുന്നാകുന്നു.' തിരുമേനി പറഞ്ഞു: 'ഇല്ല– ഉമറേ– തനിക്ക് തന്നെക്കാളും ഇഷ്ടപ്പെ ട്ടവൻ ഞാനായിരിക്കാതെ ഒക്കുകയില്ല.' അദ്ദേഹത്തിന് കാര്യത്തിന്റെ ഗൗരവം മനസ്സി ലായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹു തന്നെയാണ! നിശ്ചയ മായും അങ്ങുന്ന് എല്ലാവരെക്കാളും അധികം എനിക്ക് ഇഷ്ടപ്പെട്ടവനാകുന്നു– എന്റെ സ്വന്തം ദേഹത്തെക്കാൾപോലും!' തിരുമേനി പറഞ്ഞു: الآن يا عمر (ഇപ്പോൾ ശരി– ഉമറേ) നബി ﷺ ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചതായി അബൂഹുറയ്റഃ (റ) നിവേദനം ചെയ്യുന്നു: 'ഏതൊരു സത്യവിശ്വാസിയും തന്നെ, ഇഹത്തിലും പരത്തിലും ഞാനവ നോട് മനുഷ്യരിൽവെച്ച് ഏറ്റവും ബന്ധപ്പെട്ടവനല്ലാതില്ല. വേണമെങ്കിൽ (ഇതിന് തെളി വായി) النبى أولى بالمؤمنين من أنفسهم (നബി സത്യവിശ്വാസികളോട് അവരുടെ സ്വന്തം ദേഹ ങ്ങളെക്കാൾ ബന്ധപ്പെട്ടവനാകുന്നു) എന്ന ആയത്ത് ഓതിക്കൊള്ളുക. ആകയാൽ, ഏതെ ങ്കിലും ഒരു സത്യവിശ്വാസി വല്ല ധനവും വിട്ട് (മരിച്ചു) പോകുന്നപക്ഷം, അവന്റെ അവ കാശികൾ ആരായാലും ശരി അതവർ അനന്തരമെടുത്തുകൊള്ളട്ടെ. ആരെങ്കിലും കടമോ അഗതികളെ (സന്താനങ്ങൾ മുതലായ പ്രാരാബ്ധങ്ങളെ)യോ വിട്ടുപോകുന്നപക്ഷം എന്റെ അടുക്കൽ വരട്ടെ. ഞാനവന്റെ മൗലാ (ബന്ധു)യാകുന്നു.' മറ്റൊരു നിവേദന ത്തിലെ വാചകം: 'സത്യവിശ്വാസികളിൽ ആരെങ്കിലും മരിക്കുകയും കടം ബാക്കി വെക്കു കയും ചെയ്യുന്നതായാൽ, അത് വീട്ടുന്നത് എന്റെ ബാധ്യതയാണ്. ധനം വിട്ടുപോയാൽ അതവന്റെ അവകാശികൾക്കുമാകുന്നു' എന്നാണ്. ഇസ്‌ലാമിന് വിജയങ്ങൾ കൈവരി കയും, 'ഗനീമത്ത്' സ്വത്തുക്കൾ ലഭിച്ചുകൊണ്ടിരിക്കയും ചെയ്ത അവസരത്തിലാണ് തിരുമേനി ഈ പ്രഖ്യാപനം ചെയ്തത്. (ഈ ഹദീഥുകളെല്ലാം തന്നെ ബുഖാരിയിലും മറ്റും കാണാം.)

2) നബി തിരുമേനി ﷺ യുടെ പത്നിമാർ സത്യവിശ്വാസികളുടെ മാതാക്കളാകുന്നു. (وأزواجه أمهاتهم) അഥവാ, മാതാക്കളെപ്പോലെ അവരെ ആദരിക്കുകയും ബഹുമാനിക്കു കയും ചെയ്യണം. തിരുമേനിക്ക് ശേഷം അവരെ ആർക്കും വിവാഹം ചെയ്യാനും പാടു

ള്ളതല്ല. പക്ഷേ, പർദ്ദ ആചരിക്കുന്നതിൽ അവർ മറ്റുള്ള സ്ത്രീകളെപ്പോലെത്തന്നെ. 53-ാം വചനം നോക്കുക. നബി ﷺ യുടെ ഭാര്യമാരെ സംബന്ധിച്ച പല വിഷയങ്ങളും ഈ സൂറത്തിൽ താഴെ കാണാവുന്നതാണ്.

3) രക്തച്ചാർച്ചയുള്ള കുടുംബങ്ങൾ തമ്മിലാണ് കൂടുതൽ ബന്ധമുള്ളത്. മദീനഃ ഹിജ്റയെത്തുടർന്ന് മക്കഃയിൽ നിന്ന് ഹിജ്റഃ വന്ന സ്വഹാബികളും, മദീനയിലെ 'അൻസ്വാരി' കളാകുന്ന സ്വഹാബികളും തമ്മിൽ ഒരു പ്രത്യേക സാഹോദര്യബന്ധം സ്ഥാപിക്കപ്പെട്ടിരുന്നുവല്ലോ. ഹിജ്റഃയുടെയും, മതസാഹോദര്യത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു അത്. ഇസ്ലാമിലെ അനന്തരാവകാശനിയമം അന്ന് നടപ്പാക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. പ്രസ്തുതബന്ധം അനുസരിച്ച് മുഹാജിറുകൾക്ക് അൻസ്വാരികളുടെ സ്വത്തിൽ അനന്തരാവകാശംപോലും നൽകപ്പെട്ടിരുന്നു. وأولو الأرحام بعضهم أولى ببعض (രക്തബന്ധമുള്ളവർ പരസ്പരം കൂടുതൽ ബന്ധപ്പെട്ടവരാണ്) എന്ന വാക്യം ഇത്തരത്തിലുള്ള അനന്തരാവകാശ സമ്പ്രദായത്തെ നിറുത്തലാക്കുകയും സ്വത്തവകാശത്തിനുള്ള അർഹത കുടുംബബന്ധമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു فى كتاب الله (അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ- അഥവാ നിയമപ്രകാരം) എന്ന വാക്ക് ഈ നിയമത്തിന് സ്ഥിരത നൽകുകയും ചെയ്യുന്നു. من المؤمنين والمهاجرين (സത്യവിശ്വാസികളിൽ നിന്നും മുഹാജിറുകളിൽ നിന്നും- അഥവാ മതവിഷയത്തിൽ സ്വരാജ്യം ത്യജിച്ച് അഭയാർത്ഥികളായി വന്നവരിൽ നിന്നും-) എന്ന് പറഞ്ഞത് ശ്രദ്ധേയമാണ്. ഹിജ്റഃയുടെയോ മതത്തിന്റെയോ പേരിലുള്ള മൈത്രീബന്ധം നിമിത്തം ഇനിമേലിൽ സ്വത്തവകാശമില്ലെന്ന സൂചന ഇതിൽ കാണാം. ഒരു മുസ്ലിമിന്റെ സ്വത്തവകാശം ലഭിക്കുന്നതിന് അയാളുമായുള്ള കുടുംബബന്ധത്തിന് പുറമെ മതവിശ്വാസത്തിലും യോജിക്കേണ്ടതുണ്ടെന്നും ഈ വാക്കിൽ നിന്ന് ധ്വനിക്കുന്നു. ഇത് ഒരു ഹദീഥിൽ നബി ﷺ ഇങ്ങനെ വ്യക്തമാക്കിയിട്ടുമുണ്ട്: لا يرث المسلم الكافر ولا الكافر المسلم – متفق عليه (മുസ്ലിം കാഫിറിനെയും- അവിശ്വാസിയെയും- കാഫിർ മുസ്ലിമിനെയും അനന്തരമെടുക്കുകില്ല.- (ബു; മു.)

4) രക്തബന്ധമില്ലാത്ത ബന്ധുക്കൾക്ക് -അവർ സത്യവിശ്വാസികളോ, മുഹാജിറുകളോ, മറ്റുതരത്തിൽ മൈത്രിയുള്ളവരോ എന്ന നിലക്ക്- വസ്വിയ്യത്തായോ മറ്റ് വിധത്തിലോ വല്ല ഉപകാരവും ചെയ്യുന്നതിന് ഈ നിയമം ഒരിക്കലും തടസ്സമാകുന്നില്ല (الا ان تفعلوا إلى أوليائكم معروفا) അനന്തരാവകാശികളെന്ന നിലക്ക് നിയമപരമായ അവകാശമൊന്നും അവർക്കില്ലന്ന് മാത്രം. നിയമപരമായി സ്വത്തവകാശത്തിന് അർഹരായ കുടുംബാംഗങ്ങൾക്ക് വസ്വിയ്യത്തിന്റെ ആവശ്യം സാധാരണമായി നേരിടുന്നില്ല. അതുകൊണ്ട് ഹദീഥിൽ അത് വിരോധിക്കപ്പെട്ടിട്ടുമുണ്ട്. എനി വല്ല പ്രത്യേക പരിതഃസ്ഥിതിയിലും അവകാശികളിൽ ചിലർക്ക് പ്രത്യേകം വസ്വിയ്യത്ത് ചെയ്യേണ്ടതുണ്ടെങ്കിൽ അത് മറ്റുള്ള അവകാശികളുടെ അനുമതിയോടുകൂടി ചെയ്യാവുന്നതുമാണ്.

5) ഇത് വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ട നിയമമാകുന്നു.(كان ذلك فى الكتاب مسطورا) അപ്പോൾ വേദഗ്രന്ഥത്തിൽ വിശ്വസിക്കുന്ന ഏവർക്കും ഈ നിയമത്തിൽ ഒരു ഭേദഗതിയും ഒരിക്കലും വരുത്തുവാൻ നിവൃത്തിയില്ല; ഖണ്ഡിതമായ നിയമമാണത്. 'മരുമക്കത്തായ'ക്കാരും, സാക്ഷാൽ സ്വത്തിനവകാശികളായ ആളുകൾക്കും മുഴുവനായോ ഭാഗികമായോ -സ്വത്ത് ലഭിക്കാതിരിക്കാൻ കൃത്രിമ രേഖകളോ കൈമാറ്റമോ നടത്തുന്നവരും അല്ലാഹുവിന്റെ ഈ നിയമത്തെ പ്രത്യക്ഷത്തിൽ ലംഘിക്കുകയാണ് ചെയ്യുന്നത്. ഇത്രയും ഊന്നിപ്പറഞ്ഞ ഈ നിയമം പുറംതള്ളുന്നവർ അവന്റെ കടുത്ത ശിക്ഷക്ക് തികച്ചും അർഹരായിരിക്കുകതന്നെ ചെയ്യും. അല്ലാഹു രക്ഷിക്കട്ടെ. ആമീൻ.

وَإِذْ أَخَذْنَا مِنَ ٱلنَّبِيِّـۧنَ مِيثَـٰقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَٰهِيمَ وَمُوسَىٰ وَعِيسَى ٱبْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَـٰقًا غَلِيظًا ﴿٧﴾

《7》 (നബിയേ) പ്രവാചകൻമാരിൽനിന്ന്- നിന്നിൽനിന്നും, നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽനിന്നും തന്നെ- നാം തങ്ങളുടെ ഉറപ്പ് വാങ്ങിയ സന്ദർഭം (ഓർക്കുക)! അവരിൽനിന്ന് നാം ഗൗരവപ്പെട്ട ഉറപ്പ് വാങ്ങുകയും ചെയ്തിരിക്കുന്നു.

لِّيَسْـَٔلَ ٱلصَّـٰدِقِينَ عَن صِدْقِهِمْ ۚ وَأَعَدَّ لِلْكَـٰفِرِينَ عَذَابًا أَلِيمًا ﴿٨﴾

《8》 സത്യവാൻമാരോട് അവരുടെ സത്യതയെക്കുറിച്ച് അവന് (അല്ലാഹുവിന്) ചോദ്യം ചെയ്യാൻ വേണ്ടിയാകുന്നു (അത്). അവിശ്വാസികൾക്ക് അവൻ വേദനയേറിയ ശിക്ഷ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു.

《7》 وَإِذْ أَخَذْنَا നാം വാങ്ങിയ (എടുത്ത) സന്ദർഭം مِنَ النَّبِيِّينَ നബിമാരിൽനിന്ന് مِيثَاقَهُمْ അവരുടെ ഉറപ്പ്, ഉടമ്പടി وَمِنْكَ നിന്നിൽനിന്നും وَمِنْ نُوحٍ നൂഹിൽനിന്നും وَإِبْرَاهِيمَ ഇബ്റാഹീമിൽനിന്നും وَمُوسَى മൂസായിൽനിന്നും وَعِيسَى ഈസായിൽനിന്നും ابْنِ مَرْيَمَ മർയമിന്റെ മകനായ وَأَخَذْنَا നാം വാങ്ങുകയും ചെയ്തു مِنْهُمْ അവരിൽ നിന്ന് مِيثَاقًا ഉറപ്പ് غَلِيظًا ഗൗരവപ്പെട്ട, ശക്തമായ 《8》 لِيَسْأَلَ അവൻ ചോദിക്കുവാൻ (ചോദ്യം ചെയ്യാൻ) الصَّادِقِينَ സത്യവാൻമാരോട് عَنْ صِدْقِهِمْ അവരുടെ സത്യത്തെ (സത്യതയെ)പ്പറ്റി وَأَعَدَّ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു لِلْكَافِرِينَ അവിശ്വാസികൾക്ക് عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ

നബിമാരിൽനിന്നും അല്ലാഹു വാങ്ങിയ ഈ ഉറപ്പിനെ- കരാറിനെ ഇവിടെ വിശദീകരിച്ചിട്ടില്ലെങ്കിലും, സൂ: ആലുഇംറാനിലും മറ്റും 'പ്രസ്താവിച്ചിട്ടുള്ളതിൽനിന്ന് നമുക്കത് ഏതാണ്ട് മനസ്സിലാക്കുവാൻ കഴിയും. അല്ലാഹു പറയുന്നു: وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ .... قَالُوا أَقْرَرْنَا - ال عمران:٨١ (സാരം: നിങ്ങൾക്ക് വല്ല വേദഗ്രന്ഥമോ, വിജ്ഞാനമോ ഞാൻ നൽകുകയും, പിന്നീട് നിങ്ങളുടെ വശമുള്ളതിനെ സത്യമായി സ്ഥാപിക്കുന്ന ഏതെങ്കിലും റസൂൽ നിങ്ങൾക്ക് വരുകയും ചെയ്യുന്ന പക്ഷം, നിങ്ങൾ നിശ്ചയമായും അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യണമെന്ന് അല്ലാഹു നബിമാരോട് കരാറു വാങ്ങിയ സന്ദർഭം.(*) അവൻ പറഞ്ഞു 'നിങ്ങൾ സമ്മതിക്കുകയും അതിന്റെ മേൽ എന്നോടുള്ള ഉത്തരവാദിത്ത ഭാരം

(*) (ഗ്രന്ഥകർത്താവിന്റെ ഈ പരാമർശത്തെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് സൂറ: ആലു ഇംറാനിലെ 81-ാം സൂക്തത്തിലും ഇവിടെയും പറഞ്ഞ കരാറുകൾ ഒന്നുതന്നെയാണെന്നും. ഇത് തന്നെയാണ് ബഹു: അമാനി മൗലവിയുടെ അഭിപ്രായമെന്നും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ഖാദിയാനികൾ സാധാരണ ശ്രമം നടത്താറുണ്ട്. ഖാദിയാനി പ്രവാചകത്വം സ്ഥാപിക്കുവാൻ ഇക്കൂട്ടർ ചെയ്തുവരാറുള്ള ദുർവ്യാഖ്യാനങ്ങളിൽ ഒന്നുമാത്രമാണിത്. സൂറഃ ആലുഇംറാനിലെ 81-ാം സൂക്തത്തിന്റെ അർത്ഥവും അതിന് അമാനി മൗലവി നൽകിയ വിവരണവും പരിശോധിക്കുക.

ഏറ്റെടുക്കുകയും ചെയ്തുവോ?!' അവൻ പറഞ്ഞു: 'ഞങ്ങൾ സമ്മതിച്ചിരിക്കുന്നു' (ആലുഇംറാൻ 81) ഏഴാം വചനത്തിൽ പ്രത്യേകം എടുത്തുപറഞ്ഞ അതേ അഞ്ച് പ്രവാചകൻമാരോട് കൽപിച്ച വസിയ്യത്തായിക്കൊണ്ട് സൂറഃ ശൂറാ 13 ൽ ഇങ്ങിനെ പറയുന്നു. أن أقيموا الدين ولا تتفرقوا فيه (നിങ്ങൾ മതത്തെ നിലനിറുത്തുവിൻ, അതിൽ ഭിന്നിക്കരുത്).

അല്ലാഹു നബിമാർക്ക് 'രിസാലത്താ'കുന്ന ദിവ്യദൗത്യം നൽകുന്നതുതന്നെ കരാറാണ് എന്ന് പറയാം, അത് ശരിക്കും നിറവേറ്റാൻ അവർ ബാധ്യസ്ഥരാണല്ലോ. അത അവർ നിർവ്വഹിക്കുമെന്ന് ഏറ്റുപറയുമ്പോൾ ആ ബാധ്യത കൂടുതൽ ഗൗരവപ്പെടുകയും ചെയ്യുന്നു.

'പ്രവാചകന്മാരിൽനിന്ന് കരാർ വാങ്ങി' എന്ന് ആദ്യം പൊതുവിൽ പറഞ്ഞശേഷം അഞ്ച് പ്രവാചകൻമാരുടെ പേർ പ്രത്യേകം അല്ലാഹു ഇവിടെ എടുത്തുപറഞ്ഞിരിക്കയാണ്. അല്ലാഹുവിങ്കലും, ലോകചരിത്രത്തിലും അവർക്കുള്ള പ്രത്യേക പദവിയാണത് കുറിക്കുന്നത്. അതുകൊണ്ട്തന്നെയാണ് ഈ അഞ്ച് പ്രവാചകവര്യൻമാർക്ക് أولو العزم (ദൃഢചിത്തതയുള്ളവർ) എന്ന കീർത്തിനാമം ലഭിച്ചിരിക്കുന്നതും. നൂഹ് (അ) , ഇബ്റാഹീം (അ), മൂസാ (അ), ഈസാ (അ) എന്നീ നബിമാരുടെ പേരുകൾ അവരുടെ കാലക്രമം അനുസരിച്ചുതന്നെ അല്ലാഹു പ്രസ്താവിച്ചു. എന്നാൽ, ഏറ്റവും ഒടുവിലത്തെ പ്രവാചകവര്യനായ മുഹമ്മദ് തിരുമേനിﷺ യുടെ പേര് പറഞ്ഞിട്ടില്ല. 'നിന്നിൽനിന്നും' (ومنك) എന്ന വാക്കിലൂടെ സംബോധനാരൂപത്തിൽ– ഒന്നാമനായിത്തന്നെ– എടുത്തുപറഞ്ഞിരിക്കുകയാണ്. പ്രവാചകന്മാരിൽ വെച്ച് നബി തിരുമേനി ﷺ ക്കുള്ള ഏറ്റവും ഉൾകൃഷ്ട പദവിയെ ഇത് സൂചിപ്പിക്കുന്നു. പ്രവാചകൻമാർ തങ്ങളുടെ കൃത്യം നിറവേറ്റുന്നതിലും, സമുദായങ്ങൾ തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിലും സത്യത പാലിച്ചിട്ടുണ്ടോ എന്ന് അല്ലാഹു പരിശോധിക്കുകയും, അതിനെപ്പറ്റി കിയാമത്ത്നാളിൽ ചോദ്യം ചെയ്യുകയും ചെയ്യുന്നതിനെക്കുറിച്ചും, പ്രവാചകൻമാരുടെ ദൗത്യത്തിൽ വിശ്വസിക്കാത്തവർക്കുണ്ടാകുന്ന ശിക്ഷയെക്കുറിച്ചും ഉള്ള താക്കീതാണ് 8–ാം വചനത്തിലുള്ളത്. فَلَنَسْأَلَنَّ الَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْأَلَنَّ الْمُرْسَلِينَ (الأعراف–٦) (യാതൊരു കൂട്ടരിലേക്ക് റസൂൽ അയക്കപ്പെട്ടിരിക്കുന്നുവോ അവരോട് നിശ്ചയമായും നാം ചോദ്യം ചെയ്യും. റസൂലായി അയക്കപ്പെട്ടവരോടും നിശ്ചയമായും നാം ചോദ്യം ചെയ്യും. (സൂ: അഅ്റാഫ് 6.)